✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1085

# സൂറ – 36 / യാസീൻ

**സൂക്തം: 13 – 15**

പ്രവാചകന്മാരിലൂടെ പ്രത്യക്ഷമാകുന്ന ദിവ്യാത്ഭുതങ്ങൾ അവരുടെ അമാനുഷികതയുടെയും ദിവ്യത്വത്തിന്റെയും തെളിവായി ഉന്നയിക്കപ്പെടാറുണ്ട്. ദിവ്യാത്ഭുതങ്ങളുടെ കർതൃത്വം പ്രവാചകന്മാർക്കല്ല, അല്ലാഹുവിനാണ്. 'വഹ്‌യ്'-ദിവ്യബോധന ലബ്ധിയാണ് ഏറ്റവും വലിയ ദിവ്യാത്ഭുതം. ആ ദിവ്യാത്ഭുതത്തിന്റെ സാക്ഷ്യമായിട്ടാണ് മറ്റു അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടാറുള്ളത്.

وَٱضْرِبْ لَهُم مَّثَلًا أَصْحَٰبَ ٱلْقَرْيَةِ إِذْ جَآءَهَا ٱلْمُرْسَلُونَ ﴿١٣﴾

13. ഈ ജനത്തിന് ഒരു ഉദാഹരണമായി ആ നാട്ടുകാരുടെ കഥ പറഞ്ഞുകൊടുക്കു. അവിടെ ദൈവദൂതന്മാർ ചെന്ന സംഭവം.

إِذْ أَرْسَلْنَآ إِلَيْهِمُ ٱثْنَيْنِ فَكَذَّبُوهُمَا فَعَزَّزْنَا بِثَالِثٍ فَقَالُوٓا۟ إِنَّآ إِلَيْكُم مُّرْسَلُونَ ﴿١٤﴾

14 നാം രണ്ട് ദൂതന്മാരെ അയച്ചപ്പോൾ രണ്ടു പേരെയും അവർ തള്ളിപ്പറഞ്ഞു. പിന്നെ മൂന്നാമതൊരാളെ കൂടി അയച്ച് അവരെ ബലപ്പെടുത്തി. മൂവരും നാട്ടുകാരോടു പറഞ്ഞു: ഞങ്ങൾ നിങ്ങളിലേക്ക് നിയുക്തരായ ദൈവദൂതന്മാരാകുന്നു.

قَالُوا۟ مَآ أَنتُمْ إِلَّا بَشَرٌ مِّثْلُنَا وَمَآ أَنزَلَ ٱلرَّحْمَٰنُ مِن شَىْءٍ إِنْ أَنتُمْ إِلَّا تَكْذِبُونَ ﴿١٥﴾

15. നാട്ടുകാർ നിഷേധിച്ചു: നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു. പരമകാരുണികനായ ദൈവം യാതൊന്നും അവതരിപ്പിച്ചിട്ടുമില്ല. നിങ്ങൾ കേവലം കള്ളം പറയുകയാകുന്നു.

**13–15**

وَاضْرِبْ لَهُم مَّثَلًا = അവർക്ക് (ഈ ജനത്തിന്) ഒരു ഉദാഹരണം (ണമായി) പറഞ്ഞുകൊടുക്കുക

أَصْحَابَ الْقَرْيَةِ =(ആ നാട്ടുകാരെ(രുടെ കഥ) إِذْ جَاءَهَا الْمُرْسَلُونَ = അവിടെ ദൈവദൂതന്മാർ ചെന്നത് (ന്ന സംഭവം)

إِذْ أَرْسَلْنَا إِلَيْهِمُ = നാം അവരിലേക്ക് അയച്ചപ്പോൾ اثْنَيْنِ = രണ്ടു പേ(ദൂതന്മാ)രെ

فَكَذَّبُوهُمَا = രണ്ടു പേരെയും അവർ തള്ളിപ്പറഞ്ഞു فَعَزَّزْنَا = അപ്പോൾ (പിന്നെ) നാം (അവരെ) ബലപ്പെടുത്തി

بِثَالِثٍ = മൂന്നാമനെ കൊണ്ട് (മൂന്നാമതൊരാളെ കൂടി അയച്ച്) فَقَالُوا = മൂവരും (നാട്ടുകാരോട്) പറഞ്ഞു

إِنَّا = തീർച്ചയായും ഞങ്ങൾ إِلَيْكُم مُّرْسَلُونَ = നിങ്ങളിലേക്ക് അയക്കപ്പെട്ടവർ (നിയുക്തരായ ദൈവദൂതന്മാർ) ആകുന്നു

قَالُوا= അവർ പറഞ്ഞു (നാട്ടുകാർ നിഷേധിച്ചു)
مَا أَنتُمْ إِلَّا بَشَرٌ مِّثْلُنَا= നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ (മാത്രമാകുന്നു) അല്ലാതെയല്ല
وَمَا أَنزَلَ الرَّحْمَٰنُ = പരമകാരുണികൻ (നായ ദൈവം) അവതരിപ്പിച്ചിട്ടുമില്ല مِن شَيْءٍ= യാതൊന്നും
إِنْ أَنتُمْ إِلَّا تَكْذِبُونَ= നിങ്ങൾ കളവു പറയുകയല്ലാതെയല്ല (കേവലം കള്ളം പറയുകയാകുന്നു)

ضرب -ന്റെ ശാസനാ രൂപം( امر) ആണ് اِضْرِبْ. പ്രഹരം, ആഘാതം, വെട്ട് എന്നൊക്കെയാണ് ضرب -ന്റെ ഭാഷാർഥം. ഈ പദം ചില പ്രത്യേക പദങ്ങളുമായി ചേരുമ്പോൾ വ്യത്യസ്തമായ അർഥങ്ങളിലുള്ള പ്രയോഗങ്ങളായിത്തീരുന്നു. ضرب فى الأرض നാടുകളിൽ സഞ്ചരിക്കലാണ്. ضرب عنه അത് ഒഴിവാക്കി, മതിയാക്കി. ضرب المثل ഉദാഹരിക്കലാണ്. അജയ്യത, അന്തസ്സ്, പ്രതാപം തുടങ്ങിയ അർഥങ്ങളുള്ള عِزّة -ൽനിന്ന് ഉത്ഭവിച്ച تعزيز -ന്റെ ഭൂതകാല ക്രിയാ രൂപമാണ് عزّز. സഹായിക്കലും ശക്തിപ്പെടുത്തലുമാണ് تعزيز. പ്രിയപ്പെട്ടവൻ എന്ന അർഥത്തിൽ عزيزي എന്നു പറയും. عزيز അല്ലാഹുവിന്റെ മഹിത നാമങ്ങളിലൊന്നാണ്. ദൈവനാമമാകുമ്പോൾ عزيز അജയ്യനാകുന്നു. كتاب العزيز മഹദ് ഗ്രന്ഥമാകുന്നു. ജനവാസമുള്ള നാടാണ് قرية. അത് ഗ്രാമമാകാം, നഗരവുമാകാം. صاحب -ന്റെ ബഹുവചനമാണ് اصحاب. ഭാഷാർഥത്തിൽ സഹവാസിയാണ് صاحب. മുഹമ്മദ് നബി(സ)യുമായി സഹവസിച്ചിട്ടുള്ള ശിഷ്യന്മാരെ സാങ്കേതികമായി صحابي എന്നു വിളിക്കുന്നു. ഒരു കാര്യവുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ട എല്ലാവരെയും صاحب എന്നു പറയാറുണ്ട്. صاحب البيت വീട്ടുടമയാണ്. മത്സ്യം വിഴുങ്ങിയ യൂനുസ് നബിയെ صاحب الحوت എന്നും പല നൂറ്റാണ്ടുകൾ ഗുഹയിൽ ഉറങ്ങിക്കിടന്ന വിശ്വാസികളെ اصحاب الكهف എന്നും ഖുർആൻ പറയുന്നുണ്ട്. നാട്ടുകാരെക്കുറിക്കുന്ന സാധാരണ വാക്ക് اهل القرية ആണ്. പ്രവാചകന്മാരെ നിഷേധിക്കാനും ദ്രോഹിക്കാനും ആദ്യം മുന്നോട്ടുവരിക നാട്ടിൽ അധികാരവും സ്വാധീനവുമുള്ള വരേണ്യ വിഭാഗമാണല്ലോ. അവരെ ഉദ്ദേശിച്ചാവാം അധികാരബന്ധത്തെക്കൂടി സൂചിപ്പിക്കുന്ന اصحاب القرية എന്ന വാക്ക് ഉപയോഗിച്ചത്. വരേണ്യ വർഗത്തിന്റെ നിലപാടിനൊത്താണ് സാമാന്യ ജനം പ്രവാചകന്മാരോട് പെരുമാറുക.

ഈ സൂക്തം പരാമർശിക്കുന്ന നാട് ഏതാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടില്ല. പ്രവാചകനും വ്യക്തമാക്കിയിട്ടില്ല. എങ്കിലും ഇത് അന്താഖിയാ പട്ടണമാണെന്ന് പൂർവിക ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ നിർണയിച്ചിരിക്കുന്നു. ക്രൈസ്തവ കഥകളിൽനിന്നാണ് അവരീ നിർണയത്തിലെത്തിയതെന്ന് കരുതപ്പെടുന്നു. ഇമാം ഇബ്നുകസീർ ഈ നിർണയത്തിൽ സംശയം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും മറ്റൊരു നാട് നിർദേശിക്കുന്നില്ല. അന്താഖിയ എന്ന പേരിൽ സിറിയയിലും തുർക്കിയിലും പുരാതന പട്ടണങ്ങളുണ്ടായിരുന്നു. ക്രിസ്തു മതത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും കേന്ദ്രങ്ങളായിരുന്നു രണ്ടും. അപ്പോസ്തലന്മാരായ പോളും ബർണബാസും ഈ രണ്ട് നഗരങ്ങളിലും പ്രേഷണവൃത്തി ചെയ്തിരുന്നതായി ബൈബിളിലെ 'അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ' എന്ന പുസ്തകം സൂചിപ്പിക്കുന്നുണ്ട്. ഇവിടെ പറയുന്ന الْقَرْيَةِ സിറിയൻ അന്താഖിയയാണെന്നാണ് വ്യാഖ്യാതാക്കൾ കരുതുന്നത്. ഈസാ (അ) നിയോഗിച്ച അപ്പോസ്തലന്മാരെ അവർ പ്രവാചകന്മാരായി ഗണിക്കുന്നു. ഈ അപ്പോസ്തലന്മാരാണ് ആ നാട്ടിൽ പ്രബോധനം നടത്തിയ مُرْسَلُونَ -ദൈവദൂതന്മാർ. ഈസാ നബി അവരെ അപ്പോസ്തലന്മാരായി നിയോഗിച്ചത് അല്ലാഹുവിന്റെ കൽപന പ്രകാരമാണ്. എവിടെയൊക്കെ ചെന്ന് പ്രബോധനം ചെയ്യണമെന്ന് അവർക്ക് തോന്നിച്ചിരുന്നതും അല്ലാഹുവാണ്. അത് ദിവ്യസന്ദേശമോ ദിവ്യസന്ദേശത്തിന് ( وحى) സമാനമായ ബോധോദയമോ ആണ്. ആ നിലക്കാണ് അവർ ദൈവദൂതന്മാർ എന്നു വിളിക്കപ്പെടുന്നത്.

ആധുനിക മുഫസ്സിറുകളിൽ *തഫ്സീറുത്തഹ്രീർ വത്തൻവീറി*ന്റെ കർത്താവ് ഇബ്നു ആശൂറുത്തൂനിസിയും *തഫ്സീറുൽ മുനീറി*ന്റെ കർത്താവ് വഹബത്തുസ്സുഹൈലിയും പരാമൃഷ്ട قرية സിറിയൻ അന്താഖിയ തന്നെ എന്ന പക്ഷക്കാരാണ്. തുർക്കിയിലെ അന്താഖിയ ആണെന്നാണ് *തഫ്സീറുശ്ശഅ്റാവി*യുടെ കർത്താവ് മുഹമ്മദ് മുത്വവല്ലി ശഅ്റാവി അഭിപ്രായപ്പെടുന്നത്. അല്ലാഹുവും റസൂലും നിർണയിച്ചുപറഞ്ഞിട്ടില്ലാത്ത ഈ നാടും നാട്ടുകാരും ഏതാണെന്ന് നിർണയിക്കാൻ നാം മുതിരേണ്ടതില്ല എന്നാണ് ശഹീദ് സയ്യിദ് ഖുത്ബിന്റെ നിലപാട്. ഖുർആൻ ഈ ഉദാഹരണം പറഞ്ഞതിന്റെ ഉദ്ദേശ്യം നിറവേറാൻ നാടും നാട്ടാരും ആരാണെന്നറിയേണ്ട കാര്യമില്ല താനും. മൗലാനാ അബുൽ അഅ്ലാ മൗദൂദിയും മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹിയും തങ്ങളുടെ തഫ്സീറുകളിൽ ഈ നാട് അന്താഖിയ ആണെന്ന നിഗമനത്തെ പല കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിഷേധിച്ചിരിക്കുന്നു. ഉദാഹരണത്തിന്റെ ആശയവും ലക്ഷ്യവും മനസ്സിലാക്കാൻ നാടും നാട്ടുകാരും ഏതാണെന്ന് അറിഞ്ഞിരിക്കൽ ആവശ്യമല്ല എന്നാണ് മൗദൂദി സാഹിബിന്റെയും നിലപാട്. മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹി അഭിപ്രായപ്പെടുന്നത് നാട് ഈജിപ്തും നാട്ടുകാർ ഖിബ്ത്വികളുമാകുന്നു എന്നാണ്. അല്ലാഹു രണ്ട് പ്രവാചകന്മാരെ -മൂസാ(അ), ഹാറൂൻ (അ)- ഒരേ കാലത്ത് ഒരുമിച്ച് അയച്ച ഒരേ സ്ഥലം ഈജിപ്താണ്. അവരെ നിഷേധിച്ച ഫറവോനും പ്രഭൃതികളും നശിച്ചുപോവുകയും ചെയ്തു. ഈ വാദത്തിന് അവഗണിക്കാനാവാത്ത ദൗർബല്യങ്ങളുണ്ട്:

1. രണ്ട് പ്രവാചകന്മാരെയല്ല, മൂന്നു പ്രവാചകന്മാരെ അയച്ചിട്ടും നിഷേധിച്ച നാട്ടുകാരെക്കുറിച്ചാണ് ഖുർആൻ സംസാരിക്കുന്നത്. 2. ആ പ്രവാചകന്മാരെ നിഷേധിച്ചവർ സമുദ്രത്തിൽ മുങ്ങിയല്ല നശിച്ചത്, പ്രത്യുത ഒരു ഘോര ഗർജനത്താലാണെന്ന് വരുന്ന 29-ാം സൂക്തം പ്രസ്താവിക്കുന്നു. 3. മൂസാ-ഹാറൂന്മാർക്കു വേണ്ടി വാദിച്ച ഖിബ്ത്വി വിശ്വാസി കൊല്ലപ്പെട്ടതായി ചരിത്രമില്ല. ഈ പ്രവാചകന്മാർക്കു വേണ്ടി വാദിച്ച വിശ്വാസി കൊല്ലപ്പെട്ടിരിക്കുന്നു. 4. മൂസാ -ഹാറൂൻ പ്രവാചകന്മാരുടെ നിയോഗത്തെക്കുറിച്ച് പറയാറുള്ളത് അവരുടെയും അവർ അയക്കപ്പെട്ടവരുടെയും

പേര്- മൂസാ, ഹാറൂൻ, ഫറവോൻ, ഫറവോൻ സമുദായം- പറഞ്ഞുകൊണ്ടാണ്. ഈ സന്ദർഭത്തിൽ മാത്രം രണ്ടു കൂട്ടരുടെയും പേരുകൾ ഒഴിവാക്കിയതിന്റെ ന്യായമെന്താണ്?

ഇവിടെ പരാമർശിക്കപ്പെടുന്ന നാട് അന്താഖിയ ആണെന്ന നിഗമനത്തെ നിരാകരിക്കുന്ന പണ്ഡിതന്മാർ ഉന്നയിക്കുന്ന കാരണങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം: 1. അല്ലാഹു പറയുന്നത് നാം രണ്ട് ദൂതന്മാരെ അയച്ചു- إِذْ أَرْسَلْنَا إِلَيْهِمُ اثْنَيْنِ- എന്നാണ്. ഈസാ (അ) രണ്ട് ദൂതന്മാരെ അയച്ചു എന്നല്ല. നാട്ടുകാർ രണ്ട് പ്രവാചകന്മാരെയും തള്ളിപ്പറഞ്ഞപ്പോൾ മൂന്നാമതൊരു പ്രവാചകനെ കൂടി അയച്ചു അവരെ ശക്തിപ്പെടുത്തിയതും അല്ലാഹു തന്നെ, ഈസാ (അ) അല്ല فَعَزَّزْنَا بِثَالِثٍ. ഞങ്ങൾ നിങ്ങളിലേക്ക് നിയുക്തരായ ദൈവദൂതന്മാരാകുന്നു എന്നാണ് അവർ അവകാശപ്പെട്ടതും. ഈസാ നബിയാണ് അയച്ചതെങ്കിൽ തങ്ങൾ ഈസാ മസീഹിന്റെ ദൂതരാണെന്നു തന്നെ സത്യസന്ധരായ ആ ദൂതന്മാർ പറയുമായിരുന്നു. അല്ലാഹുവിന്റെ ദൂതന്മാർ എന്ന വാദത്തെയാണ് നിങ്ങൾ ഞങ്ങളെപ്പോലുള്ള വെറും മനുഷ്യരാണ്- إِنْ أَنتُمْ إِلَّا بَشَرٌ مِّثْلُنَا-എന്ന ന്യായമുയർത്തി നാട്ടുകാർ തള്ളിക്കളയുന്നത്. 'ഈസാ നബിയുടെ ദൂതന്മാരാണ്' എന്നായിരുന്നു വാദമെങ്കിൽ അവരുടെ ആളത്തം ഒരെതിർന്യായമാവുകയില്ലല്ലോ. 2. ദൂതന്മാരെ നിയോഗിച്ചത് ഈസാ (അ) ആണെങ്കിൽ ആ നിയോഗവും തുടർന്ന് അന്താഖിയയുടെ നശീകരണവും നടന്നത് അദ്ദേഹത്തിന്റെ കാലത്തുതന്നെ ആയിരിക്കണം. എങ്കിൽ ആ സംഭവം തീർച്ചയായും ബൈബിൾ പുതിയ നിയമത്തിൽ രേഖപ്പെടേണ്ടതായിരുന്നു. അന്താഖിയയുടെ ചരിത്രത്തിലും അങ്ങനെയൊരു സംഭവം പരാമർശിക്കുന്നില്ലെന്നു മാത്രമല്ല, ചരിത്രം പറയുന്നത് നേരെ മറിച്ചാണ്. ഈസാ മസീഹിന്റെ സന്ദേശം വിപുലമായി സ്വാഗതം ചെയ്യപ്പെട്ട ആദ്യ നാടുകളാണ് രണ്ട് അന്താഖിയകളും. തുടക്കത്തിൽ യഹൂദന്മാർ നാട്ടുകാരെ സംഘടിപ്പിച്ച് എതിർത്തുവെങ്കിലും അത് പരാജയപ്പെടുകയായിരുന്നു. ക്രമേണ രണ്ട് അന്താഖിയകളും ക്രൈസ്തവ കേന്ദ്രങ്ങളായി മാറി. ഈസാ മസീഹിന്റെ പ്രസ്ഥാനം 'ക്രിസ്തു മതം' എന്ന പേര് സ്വീകരിച്ചത് അന്താഖിയയിൽ വെച്ചാണ്.

3. ഈസാ (അ) ഇസ്രാഈല്യരിലേക്ക് മാത്രം നിയുക്തനായ പ്രവാചകനാണെന്ന് ഖുർആനും, ബൈബിളിലൂടെ അദ്ദേഹം തന്നെയും പറയുന്നു. 'ഞാൻ ഇസ്രായേലിന്റെ നഷ്ടപ്പെട്ട ആടുകളെ അന്വേഷിക്കാനായി മാത്രം വന്നു'. എങ്കിൽ വിജാതീയരുടെ (ഇസ്രാഈല്യരല്ലാത്തവരുടെ) നാടുകളിലേക്ക് അദ്ദേഹം എന്തിനു പ്രബോധകരെ നിയോഗിക്കണം? ഇനി അവിടത്തെ നിവാസികൾ ഇസ്രാഈല്യർ തന്നെ ആയിരുന്നു എന്നാണെങ്കിൽ അവർ പ്രവാചകന്മാരെ നിഷേധിക്കാൻ ആദ്യമായി ഉന്നയിക്കുന്ന ന്യായം അവരുടെ ആളത്തം ആയിരിക്കുകയില്ല. അല്ലാഹു മനുഷ്യരിലേക്കയക്കുന്ന ദൂതന്മാർ മനുഷ്യർ തന്നെ ആയിരിക്കുമെന്ന് ഇസ്രാഈല്യർ എക്കാലത്തും സമ്മതിച്ചിരുന്നതാണ്. ഈസായെ യടക്കം തങ്ങളിൽ ആഗതരായ പ്രവാചകന്മാരെയൊന്നും അവർ മനുഷ്യരാണെന്ന കാരണത്താൽ നിഷേധിച്ചിട്ടില്ല. മുഹമ്മദ് നബിക്കെതിരെ യഹൂദർ ഖുറൈശികൾക്ക് പലതരം കുരുട്ടുന്യായങ്ങൾ പറഞ്ഞുകൊടുത്തിരുന്നു. അക്കൂട്ടത്തിൽ അദ്ദേഹത്തിന്റെ ആളത്തം ഉണ്ടായിരുന്നില്ല. ഖുറൈശികൾ അത് സ്വീകരിച്ചത് മറ്റു വിഗ്രഹ മതവിഭാഗങ്ങളിൽനിന്നാണ്.

ഇതുപോലെ വേറെയും പല ന്യായങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. 'ആ നാട്ടുകാർ' അന്താഖിയക്കാരല്ല എന്നു മനസ്സിലാക്കാൻ ഉപരിസൂചിത വസ്തുതകൾ തന്നെ മതിയാകും. ശഹീദ് സയ്യിദ് ഖുത്ബും മൗദൂദി സാഹിബും പറഞ്ഞതുപോലെ, ഈ ഉദാഹരണത്തിന്റെ ആശയവും പാഠവും മനസ്സിലാക്കാൻ ആ നാടിന്റെയും സമുദായത്തിന്റെയും പേരറിയേണ്ടത് ഒരാവശ്യമല്ല. വിവിധ ദേശങ്ങളിലായി ലോകത്ത് ഒന്നേ കാൽ ലക്ഷത്തോളം പ്രവാചകന്മാർ വന്നുപോയിട്ടുണ്ട്. അവരിൽ ചെറിയൊരു ശതമാനം മാത്രമാണ് സെമിറ്റിക് നാടുകളിൽ വന്നിട്ടുള്ളത്. ആ നാടുകളും പ്രവാചകന്മാരും മാത്രമേ അറബികളുടെയും വേദക്കാരുടെയും പരിചയവൃത്തത്തിലുണ്ടായിരുന്നുള്ളൂ. പ്രഥമ ശ്രോതാക്കളുടെ അറിവിനും അന്വേഷണത്തിനും അപ്പുറമുള്ള നാടുകളിലും ജനതകളിലും നടന്ന സംഭവങ്ങൾ ഉദ്ധരിക്കുമ്പോൾ ആ നാടുകളുടെയും ജനതകളുടെയും പേരുകൾ പറയുന്നതും പറയാതിരിക്കുന്നതും തുല്യമാണ്. ആ ജനത നാമം പോലും അവശേഷിക്കാത്ത വണ്ണം നശിച്ചുപോയിരിക്കുന്നുവെങ്കിൽ വിശേഷിച്ചും. നാമം പോലും അവശേഷിപ്പിക്കാതെ എത്രയോ നാടുകൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു:

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هَلْ تُحِسُّ مِنْهُم مِّنْ أَحَدٍ أَوْ تَسْمَعُ لَهُمْ رِكْزًا

(അവർക്കു മുമ്പ് എത്രയെത്ര ജനതകളെ നാം നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു! ഇന്ന് അവരിലാരെയെങ്കിലും നിനക്ക് അനുഭവപ്പെടുന്നുണ്ടോ? അല്ലെങ്കിൽ അവരുടെ വല്ല ഒച്ചയും കേൾക്കുന്നുണ്ടോ?). ഖുർആൻ ഇത്തരം സംഭവങ്ങൾ പരാമർശിക്കുന്നത് അതുമായി ബന്ധപ്പെട്ട രാജ്യങ്ങളെയും ജനങ്ങളെയും പരിചയപ്പെടുത്താനല്ല; മറിച്ച് ആ സംഭവങ്ങൾ ഉൾക്കൊള്ളുന്ന പാഠങ്ങൾ ഓർമിപ്പിക്കാനാണ്.

وَاضْرِبْ لَهُم -അവർക്ക് ഉദാഹരിച്ചുകൊടുക്കുക- എന്നതിലെ 'അവർ' പ്രഥമമായി ഖുറൈശികൾ ആണെങ്കിലും വിശാലമായ അർഥത്തിൽ ഈ സൂക്തങ്ങൾ ഓതുകയും കേൾക്കുകയും ചെയ്യുന്ന എല്ലാവരുമാണ്. ആ നാട്ടിൽ ദൈവദൂതന്മാർ ചെന്ന സംഭവം ഓർക്കുക- إِذْ جَاءَهَا الْمُرْسَلُونَ-എന്നു പറയുന്നതിൽ മക്കയിൽ മുഹമ്മദ് (സ) ആഗതനായ അവസ്ഥയുമായി അതിനെ താരതമ്യം ചെയ്യുക എന്ന ധ്വനിയുണ്ട്. അവരുടെ ഈ നിലപാട് തുടരുകയാണെങ്കിൽ ആ നാട്ടുകാരുടേതു തന്നെയാകും അവരുടെയും പരിണതി. അല്ലാഹു ആദ്യം അവരിലേക്ക് രണ്ട് ദൈവദൂതന്മാരെ നിയോഗിച്ചു. അവർ തികഞ്ഞ ധർമച്യുതിയിൽ അകപ്പെട്ടിരുന്നതുകൊണ്ടാവാം രണ്ടു പേരെ ഒന്നിച്ചയച്ചത്. ആ രണ്ടു പേരെയും ജനം തള്ളിപ്പറഞ്ഞു. അപ്പോൾ അവരുടെ പ്രബോധനത്തെ ശക്തിപ്പെടുത്താൻ മൂന്നാമതൊരു ദൂതനെ കൂടി നിയോഗിച്ചു. മൂവരും ജനങ്ങളെ വിളിച്ച് ആഹ്വാനം ചെയ്തു: ജനങ്ങളേ, നിങ്ങളെ അസത്യത്തിൽനിന്നും അധർമത്തിൽനിന്നും വീണ്ടെടുത്ത് സത്യത്തിലേക്കും ധർമത്തിലേക്കും നയിക്കാൻ നിയുക്തരായ ദൈവദൂതന്മാരാകുന്നു ഞങ്ങൾ. ആകയാൽ ഞങ്ങളെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുവിൻ.

ജനം പ്രവാചകന്മാരെ അസന്ദിഗ്ധമായി തള്ളിപ്പറയുകയായിരുന്നു. മൂന്നു ന്യായങ്ങളാണ് അവരുന്നയിച്ചത്: 1. നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു. ലോകത്ത് ആഗതരായ മിക്ക പ്രവാചകന്മാരും ആദ്യം നേരിടേണ്ടിവന്നി

ട്ടുള്ള വിമർശനമാണിത്. സാധാരണ മനുഷ്യർ ദൈവദൂതന്മാരാവില്ല. ദൈവത്തിന് മനുഷ്യനിലേക്ക് ദൂതന്മാരെ അയക്കുക എന്ന ഒരു പരിപാടിയേ ഇല്ല. അഥവാ അയക്കുകയാണെങ്കിൽ തന്നെ അയക്കപ്പെടുന്നത് മലക്കുകളോ ജിന്നുകളോ അതുപോലുള്ള മറ്റു അമാനുഷ സൃഷ്ടികളോ ആയിരിക്കും. ദൈവിക ദൗത്യം വാദിച്ചു വരുന്നവർ സത്യവാന്മാരാണോ കള്ളന്മാരാണോ എന്ന് തിരിച്ചറിയാനുള്ള പ്രഥമമായ ഉപാധിയാണ് അവർ മനുഷ്യരാണോ അല്ലേ എന്നു നോക്കുക. മനുഷ്യരാണെങ്കിൽ സംശയമില്ല, കള്ളന്മാർ തന്നെ. മുഹമ്മദ് നബിയെ ഖുറൈശികൾ വിമർശിച്ചതായി 25:7-ൽ ഖുർആൻ പറയുന്നു: وَقَالُوا مَالِ هَٰذَا الرَّسُولِ يَأْكُلُ الطَّعَامَ وَيَمْشِي فِي الْأَسْوَاقِ (അവർ വിമർശിക്കുന്നു: ഇതെന്തു ദൈവദൂതൻ; അയാൾ അന്നം തിന്നുന്നു. അങ്ങാടികളിൽ നടക്കുകയും ചെയ്യുന്നു!).

لَاهِيَةً قُلُوبُهُمْ ۗ وَأَسَرُّوا النَّجْوَى الَّذِينَ ظَلَمُوا هَلْ هَٰذَا إِلَّا بَشَرٌ مِّثْلُكُمْ ۖ أَفَتَأْتُونَ السِّحْرَ وَأَنتُمْ تُبْصِرُونَ

(അവർ അന്യമനസ്കരാകുന്നു. അക്രമം ചെയ്യുന്നവർ തമ്മിൽ രഹസ്യം പറയുന്നു: ഇയാൾ നമ്മെപ്പോലൊരു മനുഷ്യൻ മാത്രമല്ലയോ? നമ്മൾ കണ്ടുകൊണ്ട് ആഭിചാരക്കെണിയിൽ ചെന്നു പെടുകയോ?! 21:3). എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പ് അവിശ്വാസികൾ നൂഹ് നബിയെ നിഷേധിച്ചതും ഇതേ വാദമുയർത്തിയാണ്:

مَا هَٰذَا إِلَّا بَشَرٌ مِّثْلُكُمْ يُرِيدُ أَن يَتَفَضَّلَ عَلَيْكُمْ وَلَوْ شَاءَ اللَّهُ لَأَنزَلَ مَلَائِكَةً

(ഇവൻ നിങ്ങളെപ്പോലൊരു മനുഷ്യനല്ലാതാരുമല്ല. നിങ്ങൾക്കു മേൽ ശ്രേഷ്ഠനാവാൻ നോക്കുകയാണവൻ. അല്ലാഹുവിന് ദൂതന്മാരെ അയക്കണമെന്നുണ്ടായിരുന്നുവെങ്കിൽ മലക്കുകളെയാണ് അയക്കുക-23:24). ഹൂദ് നബിയെ ആദ് ജനത ആക്ഷേപിച്ചതും ഇപ്രകാരം തന്നെ:

مَا هَٰذَا إِلَّا بَشَرٌ مِّثْلُكُمْ يَأْكُلُ مِمَّا تَأْكُلُونَ مِنْهُ وَيَشْرَبُ مِمَّا تَشْرَبُونَ ﴿٣٣﴾ وَلَئِنْ أَطَعْتُم بَشَرًا مِّثْلَكُمْ إِنَّكُمْ إِذًا لَّخَاسِرُونَ ﴿٣٤﴾

(ഇവൻ നമ്മെപ്പോലൊരു മനുഷ്യൻ മാത്രം. നമ്മൾ തിന്നുന്നത് തിന്നുകയും കുടിക്കുന്നത് കുടിക്കുകയും ചെയ്യുന്നവൻ. നമ്മെപ്പോലുള്ള ഒരു മനുഷ്യന് കീഴ്പ്പെടുന്നുവെങ്കിൽ നമ്മൾ മഹാ നഷ്ടത്തിലായതുതന്നെ- 23: 33-34). സ്വാലിഹ് നബിയെക്കുറിച്ച് സമൂദ് ജനത പറഞ്ഞു: أَبَشَرًا مِّنَّا وَاحِدًا نَّتَّبِعُهُ (നമ്മളിൽപെട്ട മനുഷ്യനായ ഒരാളെ നമ്മൾ പിന്തുടരുകയോ? 54:24). 'നിങ്ങൾ ഞങ്ങളെ പോലൊരു മനുഷ്യനല്ലാതാരുമല്ല' -ان أَنتُمْ إِلَّا بَشَرٌ مِّثْلُكم- എന്ന വിമർശനം വേറെയും അനേകം പ്രവാചകന്മാർ നേരിട്ടിട്ടുള്ളതാണ്.

ഇതിന് മറുപടിയായി തങ്ങൾ മനുഷ്യത്വത്തിനതീതമാണെന്നോ സാധാരണ മനുഷ്യർക്കില്ലാത്ത ദിവ്യസിദ്ധികളുള്ളവരാണെന്നോ പ്രവാചകന്മാർ പറഞ്ഞിട്ടില്ല. സ്വന്തം ആളത്തം ഊന്നിപ്പറയുകയാണ് അവരും ചെയ്തുകൊണ്ടിരുന്നത്. പ്രവാചകത്വം എന്ന സവിശേഷ ദൈവാനുഗ്രഹം മാത്രമാണ് അവർ വിനീതമായ ഭാഷയിൽ അവകാശപ്പെട്ടത്.... إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ وَلَٰكِنَّ اللَّهَ يَمُنُّ عَلَىٰ مَن يَشَاءُ (ഞങ്ങൾ നിങ്ങളെപ്പോലുള്ള മനുഷ്യർ തന്നെയാണ്. എന്നാൽ അല്ലാഹു അവന്റെ അടിമകളിൽ അവനിച്ഛിക്കുന്നവർക്ക് ഔദാര്യം നൽകുന്നു- 14:11). ഈ ഔദാര്യം എന്താണ് എന്ന് 18:110, 41:6 സൂക്തങ്ങൾ ഇങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു:

قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَىٰ إِلَيَّ أَنَّمَا إِلَٰهُكُمْ إِلَٰهٌ وَاحِدٌ (പ്രവാചകൻ അവരോട് പറയുക: ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. എന്നാൽ നിങ്ങളുടെ ദൈവം ഒരേയൊരു ദൈവം മാത്രമാണെന്ന് എനിക്ക് വെളിപാട് ലഭിക്കുന്നുണ്ട്). ദിവ്യബോധനം (وحي) ലഭിക്കുന്ന മനുഷ്യൻ എന്നതാണ് പ്രവാചകന്റെ അവസ്ഥ. ദിവ്യബോധനത്തെ മാറ്റിനിർത്തിയാൽ മറ്റു കാര്യങ്ങളിൽ അവർ മറ്റു മനുഷ്യരെപ്പോലെ തന്നെ. മനുഷ്യരിൽ പരിശുദ്ധരും ദുർവൃത്തരുമുണ്ട്. ദുഷ്ടരും ശിഷ്ടരുമുണ്ട്. സൽസ്വഭാവികളും ദുഃസ്വഭാവക്കാരുമുണ്ട്. സംസ്കാരമുള്ളവരും ഇല്ലാത്തവരുമുണ്ട്. ബുദ്ധിമാന്മാരും മൂഢരുമുണ്ട്. പരിശുദ്ധരും സദ് വൃത്തരും സൽസ്വഭാവികളും ബുദ്ധിമാന്മാരും സംസ്കാരസമ്പന്നരുമായ ആളുകളെ മാത്രമേ അല്ലാഹു പ്രവാചകന്മാരായി തെരഞ്ഞെടുക്കൂ. പ്രവാചകനായി തെരഞ്ഞെടുക്കപ്പെടാൻ അർഹരായ മനുഷ്യർ എന്നതാണ് അവരുടെ മഹത്വം. പ്രവാചകന്മാർ മലക്കുകളോ മറ്റു അമാനുഷരോ ആണെന്ന് വാദിക്കുന്നവർ യഥാർഥത്തിൽ ചെയ്യുന്നത് പ്രവാചകന്മാരുടെ ഈ മഹത്വത്തെ ഇകഴ്ത്തുകയാണ്. മാനുഷിക ദൗർബല്യങ്ങളും ആഗ്രഹാഭിലാഷങ്ങളും ആസക്തികളുമൊന്നുമില്ലാത്ത, ദൈവാഭീഷ്ടത്തിനപ്പുറം യാതൊന്നും പ്രവർത്തിക്കാനോ പറയാനോ ചിന്തിക്കാനോ കഴിയാത്ത പ്രകൃതിയുള്ള മലക്കുകളുടെ വിശുദ്ധിയുടെ മഹത്വത്തേക്കാൾ മീതെയാണ് തിന്മയിലേക്കുള്ള പ്രലോഭനങ്ങളും പ്രകോപനങ്ങളും ആസക്തികളും ഉണ്ടായിട്ടും അവയെയെല്ലാം ദൈവഭക്തി കൊണ്ടും ഇഛാശക്തി കൊണ്ടും അതിജയിച്ച് സാത്വിക ജീവിതം നയിക്കുന്നവരുടെ മഹത്വം. അതുകൊണ്ടാണ് മനുഷ്യന് ഈമാൻ കൊണ്ടും തഖ്‌വ കൊണ്ടും മലക്കുകളേക്കാൾ ഉയരാൻ കഴിയുമെന്ന് പറയുന്നത്.

പ്രവാചകന്മാർ ജൈവികമായി തികഞ്ഞ മനുഷ്യർ തന്നെയാണെന്നു വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറയുന്നു:

وَمَا أَرْسَلْنَا قَبْلَكَ إِلَّا رِجَالًا نُّوحِي إِلَيْهِمْ ۖ فَاسْأَلُوا أَهْلَ الذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ﴿٧﴾ وَمَا جَعَلْنَاهُمْ جَسَدًا لَّا يَأْكُلُونَ الطَّعَامَ وَمَا كَانُوا خَالِدِينَ ﴿٨﴾

(നാം ബോധനം നൽകുന്ന മനുഷ്യരായിട്ടല്ലാതെ നിനക്കു മുമ്പ് ഒരു പ്രവാചകനെയും അയച്ചിട്ടില്ല. നിങ്ങൾക്കറിവില്ലെങ്കിൽ ജ്ഞാനികളോട് ചോദിച്ചുനോക്കുവിൻ. അവരെ നാം അന്നം തിന്നാത്ത ശരീരങ്ങളാക്കിയിട്ടില്ല. ചിരഞ്ജീവികളുമാക്കിയിട്ടില്ല-21:7,8).

وَمَا أَرْسَلْنَا قَبْلَكَ مِنَ الْمُرْسَلِينَ إِلَّا إِنَّهُمْ لَيَأْكُلُونَ الطَّعَامَ وَيَمْشُونَ فِي الْأَسْوَاقِ

(നിനക്കു മുമ്പ് നാം അയച്ച ദൈവദൂതന്മാരെല്ലാം അന്നം തിന്നുന്നവരും അങ്ങാടികളിൽ നടക്കുന്നവരും തന്നെയായിരുന്നു- 25:20).

മനുഷ്യ പ്രവാചകന്റെ മഹത്വം മനസ്സിലാക്കാൻ അധികമാളുകളും തയാറല്ല. മനുഷ്യനായിരിക്കുക പ്രവാചകന്റെ ഒരു കുറവായിട്ടാണ് അവർ കാണുന്നത്. പ്രവാചകനിൽ വിശ്വസിക്കുന്നവരിൽ പോലും ചിലർ തങ്ങളുടെ പ്രവാചകനെ അതിമാനുഷരായി വാഴ്ത്താൻ വെമ്പൽ കൊള്ളുന്നു. അമിത സ്തുതി മൂത്ത് പ്രവാചകൻ ദൈവമാക്കപ്പെടുന്നു. അങ്ങനെയാണ് ഈസാ നബി(അ) ദൈവപുത്രനും ദൈവവുമൊക്കെയായി ആരാധിക്കപ്പെട്ടു തുടങ്ങിയത്. അല്ലാഹു നേരിട്ട് സംരക്ഷിക്കുന്ന വിശുദ്ധ ഖുർആനിൽ ഭേദഗതി വരു

ത്താനും അവനല്ലാത്തവരെ ദൈവമാക്കി ദുർവ്യാഖ്യാനിക്കാനും പറ്റാത്ത നിരവധി സൂക്തങ്ങളുള്ളതുകൊണ്ടാണ് അന്ത്യ പ്രവാചകൻ മുഹമ്മദ് (സ) ഇന്നും മനുഷ്യനായിത്തന്നെ ജനഹൃദയങ്ങളിൽ ജീവിക്കുന്നത്. എങ്കിലും അദ്ദേഹത്തെ ദൈവിക ശക്തികളുള്ള അതിമാനുഷനായി വാഴ്ത്തുന്നവർ വിശ്വാസികളിൽ ഉണ്ട്. അല്ലാഹുവിനും മീതെ റസൂലിനെ കാണുന്നവർ. അല്ലാഹുവിനെ ധിക്കരിച്ചാലും റസൂലിനെ സ്തുതികീർത്തനങ്ങളാൽ പ്രീതിപ്പെടുത്തി അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാമെന്ന് വ്യാമോഹിക്കുന്നവർ.

പ്രവാചകന്മാരിലൂടെ പ്രത്യക്ഷമാകുന്ന ദിവ്യാത്ഭുതങ്ങൾ അവരുടെ അമാനുഷികതയുടെയും ദിവ്യത്വത്തിന്റെയും തെളിവായി ഉന്നയിക്കപ്പെടാറുണ്ട്. ദിവ്യാത്ഭുതങ്ങളുടെ കർതൃത്വം പ്രവാചകന്മാർക്കല്ല, അല്ലാഹുവിനാണ്. 'വഹ്‌യ്'-ദിവ്യബോധന ലബ്ധിയാണ് ഏറ്റവും വലിയ ദിവ്യാത്ഭുതം. ആ ദിവ്യാത്ഭുതത്തിന്റെ സാക്ഷ്യമായിട്ടാണ് മറ്റു അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടാറുള്ളത്. വഹ്‌യ് ഉൾപ്പെടെയുള്ള ദിവ്യാത്ഭുതങ്ങളൊന്നും പ്രവാചകൻ സ്വന്തം കഴിവുകൊണ്ട് ഇഛാനുസാരം പ്രത്യക്ഷപ്പെടുത്തുന്നതല്ല. മുഹമ്മദ് നബിക്ക് ആഴ്ചകളോളവും മാസങ്ങളോളവും വഹ്‌യ് ലഭിക്കാതിരിക്കുകയും അല്ലാഹു തന്നെ കൈവെടിഞ്ഞുവോ എന്ന് അദ്ദേഹം ആധിപ്പെടുകയും ചെയ്ത അവസരങ്ങളുണ്ടായിട്ടുണ്ട്. നബിയുടെ ഈ ആധി അകറ്റാനാണ് 43-ാം സൂറ *അള്ളുഹാ* അവതരിച്ചത്. അവിശ്വാസികൾ തങ്ങൾ വിശ്വസിക്കാൻ ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ അല്ലാഹു പ്രവാചകനോട് പറഞ്ഞു: قُلْ إِنَّمَا الْآيَاتُ عِندَ اللَّهِ (നീ അവരോട് പറയുക, അത്ഭുത ദൃഷ്ടാന്തങ്ങളുള്ളത് അല്ലാഹുവിങ്കൽ മാത്രമാകുന്നു - 6:109). قُلْ إِنَّمَا الْآيَاتُ عِندَ اللَّهِ وَإِنَّمَا أَنَا نَذِيرٌ مُّبِينٌ(പറയുക. അല്ലാഹുവിങ്കൽ മാത്രമാണ് അത്ഭുത ദൃഷ്ടാന്തങ്ങളുള്ളത്. ഞാൻ തെളിഞ്ഞ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു-29:50). مَا عِندِي مَا تَسْتَعْجِلُونَ بِهِ ۚ إِنِ الْحُكْمُ إِلَّا لِلَّهِ (നിങ്ങൾ തിരക്കു കൂട്ടുന്ന കാര്യം എന്റെ കൈവശമുള്ളതല്ല. വിധികർതൃത്വം അല്ലാഹുവിനു മാത്രമാകുന്നു- 6:57).

قُل لَّا أَقُولُ لَكُمْ عِندِي خَزَائِنُ اللَّهِ وَلَا أَعْلَمُ الْغَيْبَ وَلَا أَقُولُ لَكُمْ إِنِّي مَلَكٌ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰ

(അവരോട് പറയുക: എന്റെ കൈവശം അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അതിഭൗതിക കാര്യങ്ങൾ ഞാൻ അറിയുന്നുമില്ല. ഞാനൊരു മലക്കാണെന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ലഭിക്കുന്ന ദിവ്യബോധനം പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്- 6:50). 11:31-ലും ഇതേ ആശയം പ്രസ്താവിക്കുന്നുണ്ട്. മരുഭൂമിയിൽ മലർവാടിയുണ്ടാക്കണം, ഈത്തപ്പനയുടെയും മുന്തിരിയുടെയും തോട്ടങ്ങളുണ്ടാക്കണം, അരുവികളൊഴുക്കണം, ആകാശത്തിന്റെ ഖണ്ഡങ്ങൾ വീഴ്ത്തണം, കനകക്കൊട്ടാരമുണ്ടാക്കണം, ആകാശത്ത് കയറിച്ചെന്ന് ഞങ്ങൾക്ക് വായിക്കാൻ പറ്റുന്ന പുസ്തകവുമായി ഇറങ്ങിവരണം എന്നൊക്കെ ആവശ്യപ്പെട്ടവരോട് قُلْ سُبْحَانَ رَبِّي هَلْ كُنتُ إِلَّا بَشَرًا رَّسُولًا(നീ പറയുക: സുബ്ഹാനല്ലാഹ്, ഞാൻ മനുഷ്യനായ ദൈവദൂതൻ മാത്രമല്ലയോ?-17:93 ) എന്നു പറയാനാണ് അല്ലാഹു പ്രവാചകനോട് കൽപിച്ചത്.

മനുഷ്യന്റെ പ്രവാചകത്വം അംഗീകരിക്കാനുള്ള വിസമ്മതമാണ് എന്നും പ്രവാചകസന്ദേശം സ്വീകരിക്കുന്നതിൽനിന്ന് ജനങ്ങളെ തടഞ്ഞിട്ടുള്ളത്:

وَمَا مَنَعَ النَّاسَ أَن يُؤْمِنُوا إِذْ جَاءَهُمُ الْهُدَىٰ إِلَّا أَن قَالُوا أَبَعَثَ اللَّهُ بَشَرًا رَّسُولًا

(സന്മാർഗം വന്നു കിട്ടുമ്പോൾ അതു വിശ്വസിക്കുന്നതിൽനിന്ന് ജനങ്ങളെ തടയുന്നത് മനുഷ്യനെ അല്ലാഹു ദൈവദൂതനായി നിയോഗിക്കുകയോ എന്നേ അവരുടെ വാദം തന്നെയായിരുന്നു- 17:94). തുടർന്ന് മനുഷ്യരിലേക്ക് മനുഷ്യരെത്തന്നെ പ്രവാചകന്മാരായി നിയോഗിക്കുന്നതിന്റെ കാരണം വ്യക്തമാക്കുന്നു:

قُل لَّوْ كَانَ فِي الْأَرْضِ مَلَائِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ السَّمَاءِ مَلَكًا رَّسُولًا

(അവരോട് പറയുക: ശാന്തരായി ചരിക്കുന്ന മലക്കുകളാണ് ഭൂമിയിലുള്ളതെങ്കിൽ ആകാശത്തുനിന്ന് ഒരു മലക്കിനെത്തന്നെ നാമവർക്ക് ദൂതനായി അയക്കുമായിരുന്നു- 17:95).

രണ്ടാമത്തെ എതിർവാദം അല്ലാഹു മനുഷ്യർക്ക് വേദപ്രമാണങ്ങളോ വെളിപാടുകളോ അവതരിപ്പിച്ചുകൊടുക്കുന്നില്ല എന്നതാണ്.

3. തങ്ങൾക്ക് വെളിപാട് ലഭിക്കുന്ന വേദമിറങ്ങുന്നു എന്നൊക്കെ ചിലർ പറയുന്നത് കള്ളമാണ്. ദൈവം ആർക്കും ഒന്നും ഇറക്കിക്കൊടുക്കുന്നില്ല. ആ നിലക്ക് പ്രവാചകന്മാർ എന്നവകാശപ്പെടുന്ന ഈ മൂവർ സംഘം പറയുന്നതും തനി കള്ളമാണ്. ഇവിടെ 'പരമകാരുണികൻ- റഹ്‌മാൻ' എന്ന പരാമർശത്തിൽ ചില പ്രത്യേക ധ്വനികളുണ്ട്: 1. ദൈവം ഉണ്ടെന്ന് സമ്മതിക്കുന്നവരായിരുന്നു അവർ. 2. ദൈവം പരമകാരുണികനാണെന്നും അവർക്കറിയാമായിരുന്നു. ഈ അറിവ് തന്നെ ദൈവം ആർക്കും മാർഗദർശനം അവതരിപ്പിക്കുന്നില്ല എന്ന അവരുടെ വാദവുമായി പൊരുത്തപ്പെടുകയില്ല. ദൈവം പരമകാരുണികനാണെങ്കിൽ, മനുഷ്യൻ അസ ത്യത്തിലും അധർമത്തിലും ആപതിച്ചു നശിക്കാതിരിക്കാൻ ആവശ്യമായ സന്മാർഗദർശനം നൽകുക ആ കാരുണ്യത്തിന്റെ താൽപര്യമാകുന്നു. ●